പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 820 — 28.9.2011- ൽ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. അന്തർ സംസ്ഥാന സർവ്വീസ്

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഏറ്റവും കൂടുതൽ സ്വകാര്യ ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന തൃക്കരിപ്പൂരിൽ നിന്നും കെ. എസ്. ആർ. ടി. സി. അന്തർ സംസ്ഥാന സർവ്വീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

നിലവിൽ പയ്യന്നൂർ യൂണിറ്റിൽ നിന്നും തൃക്കരിപ്പൂർ, ചെറുവത്തൂർ, കാഞ്ഞങ്ങാട് കാസർഗോഡ് വഴി മംഗലാപുരത്തേക്ക് രാവിലെ 08.30 മണിക്ക് ഒരു സർവ്വീസ് ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. നല്ല രീതിയിൽ ഓപ്പറേറ്റ് ചെയ്ത് വരുന്ന പ്രസ്തുത സർവ്വീസിന്റെ ശരാശരി പ്രതിമാസ കിലോമീറ്റർ വരുമാനം 27 രൂപയാണ്. കൂടുതൽ സ്വകാര്യ അന്തർ സംസ്ഥാന സർവ്വീസുകൾ തൃക്കരിപ്പൂരിൽ നിന്നുള്ളത് ബാംഗ്ലൂരിലേക്കാണ്. പയ്യന്നൂരിൽ നിന്ന് ഒളവറ, എളംബച്ചി വഴി തൃക്കരിപ്പൂരിലേക്ക് 7.5 കിലോമീറ്റർ ദൂരമാണുള്ളത്. എന്നാൽ കർണ്ണാടക സർക്കാരുമായുണ്ടാക്കിയ അന്തർ സംസ്ഥാന കരാറിൽ ഈ റൂട്ടിൽ കൂടി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ കൂടുതൽ സർവ്വീസുകൾ വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ